പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6132 07.07.2014- ൽ മറുപടിക്ക്

**ശ്രുതിതരംഗം പദ്ധതി - സർക്കാർ ജീവനക്കാരുടെ കുട്ടികൾക്കുള്ള സഹായം**

ചോദ്യം
ശ്രീ. പി.തിലോത്തമൻ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേൾവിക്കുറവുള്ള കുഞ്ഞുങ്ങൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തുന്നതിന് വേണ്ടിയുള്ള ശ്രുതി തരംഗം പദ്ധതി ഇപ്പോൾ നിലവിലുണ്ടോ എന്ന അറിയിക്കുമോ; സർക്കാർ ജീവനക്കാരുടെ കുട്ടികൾക്ക് ഇതിന് അർഹതയുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉത്തരവനുസരിച്ചാണ് സർക്കാർ ജീവനക്കാരുടെ മക്കൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സഹായം ലഭിക്കുന്നത്; പകർപ്പ് ലഭ്യമാക്കുമോ; | (എ) | കേൾവിക്കുറവുള്ള കുഞ്ഞുങ്ങൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകി വൈകല്യം മാറ്റുന്ന ശ്രുതിതരംഗം പദ്ധതി നിലവിലുണ്ട്. 05.05.2014 ലെ സ.ഉ. (എം.എസ്) നം. 33/14/സാനീവ പ്രകാരം പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ അനുസരിച്ച് 2 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ ബധിരരും മൂകരുമായ കുട്ടികൾക്കാണ് ആനുകൂല്യം ലഭിക്കുന്നത്. ആയതിനാൽ 2 ലക്ഷം രൂപ വരെ മാത്രം വാർഷിക വരുമാനമുള്ള സർക്കാർ ജീവനക്കാരുടെ കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) കൂടാതെ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്ന സർക്കാർ ജീവനക്കാർക്ക് 5.50 ലക്ഷം രൂപ വരെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് പദ്ധതി പ്രകാരം അനുവദിക്കുന്നത് സംബന്ധിച്ച് ആരോഗ്യകുടുംബ ക്ഷേമ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പലതവണ അപേക്ഷ നൽകുകയും കുട്ടിക്ക് 6 വയസ്സ് തികഞ്ഞതിനാൽ ഓപ്പറേഷൻ വൈകിപ്പിക്കരുതെന്ന വിദഗ്ദരുടെ നിർദ്ദേശം പരിഗണിച്ച് | (ബി) | ആലപ്പുഴ സ്വദേശി ശ്രീ. കെ.ജി. ഐബുവിന്റെ മകൻ ആകാശ് ദേവിന്റെ ശ്രുതിതരംഗം പദ്ധതി ആനുകൂല്യത്തിനു വേണ്ടിയുള്ള അപേക്ഷ, |

| | | | |
|---|---|---|---|
| | 01.03.2013-ൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കടം വാങ്ങിയ പണം കൊണ്ട് നടത്തുകയും സർക്കാരിന്റെ സഹായത്തിന് അപേക്ഷ നൽകി കാത്തിരിക്കുകയും ചെയ്യുന്ന ആലപ്പുഴ ജില്ലയിലെ റവന്യൂ വകുപ്പ് ജീവനക്കാരനായ ഐബുവിന്റെ അപേക്ഷ പരിഗണിക്കാൻ നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ? | | കുട്ടിയെ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) ന് 18.12.2012 ൽ നൽകുകയുണ്ടായി. എന്നാൽ നിഷിന്റെ പരിശോധനയിൽ സർജറിക്ക് ശുപാർശ ചെയ്തിട്ടില്ല. ആയത് 12.03.2013 ന് കൂടിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും അപേക്ഷ വിശദമായി പരിശോധിച്ച് അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാനായി 17.04.2013 ന് നിഷിന് നൽകുകയുണ്ടായി. എന്നാൽ ശ്രീ. ഐബുവിന്റെ മകന്റെ സർജറി 01.03.2013-ൽ രക്ഷകർത്താവിന്റെ സ്വന്തം ചെലവിൽ ചെയ്യുകയുണ്ടായി.<br>ശ്രുതിതരംഗം പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് അംഗീകൃത കമ്പനിയിൽ നിന്നും വാങ്ങി നേരിട്ട് പദ്ധതിയിൽ സഹകരിക്കുന്ന ആശുപത്രികളിൽ എത്തിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. സ്വന്തം ചെലവിൽ ഈ ശസ്ത്രക്രിയ ചെയ്യുന്നവർക്ക് തുക റീഇംബേഴ്സ് ചെയ്യുന്നതിന് ശ്രുതിതരംഗം പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ